# മതികെട്ടാൻചോല

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽപ്പെടുന്ന ഈ ദേശീയോദ്യാനം നിരവധി സ്ഥാനീയ സസ്യ ജന്തുക്കളുടെ ആവാസമേഖലയാണ്. നാഷണൽ ഹൈവേ 49-ഈ ദേശീയോദ്യാനത്തിനു സമീപത്തുകൂടിയാണ് പോകുന്നത് ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ ആലുവയാണ്. (120 കി.മീ.) കൊച്ചിയിൽ നിന്ന് 110 കി.മീറ്ററും, മധുരയിൽ നിന്ന് 120 കി.മീറ്ററും ദൂരമുണ്ട്; കൊച്ചി - മധുര ദേശീയപാതയിൽ നിന്നും 25 കി.മീറ്ററും മൂന്നാർ-കുമിളി സംസ്ഥാന ഹൈവേയിൽ നിന്ന് 10 കി.മീറ്ററും സഞ്ചരിച്ചാൽ ഇവിടെയെത്താം. മൂന്നാറും നെടുങ്കണ്ടവുമാണ് അടുത്ത ടൗണുകൾ.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 1281.7419 ഹെക്ടർ |
| വർഷപാതം | - | തെക്കു പടിഞ്ഞാറൻ കാലവർഷവും വടക്കുകിഴക്കൻ കാലവർഷവും പ്രധാനമായി മഴ നൽകുന്നു. |
| ഊഷ്മാവ് | - | $9^0$ - $30^0$ C |



സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം - 1200 - 1984 മീറ്റർ

സന്ദർശനകാലം - ഡിസംബർ - മാർച്ച്

സസ്തനികൾക്കു പുറമേ, ചിത്രശലഭങ്ങൾ, ഉരഗങ്ങൾ, പക്ഷികൾ എന്നിവയും ഇവിടെ ധാരാളം. ശുദ്ധമായ വായുവും, പുൽമേടുകളും പച്ചപ്പിന്റെ സമൃദ്ധിയും നിറഞ്ഞ മതികെട്ടാൻചോല ദേശീയോദ്യാനം ഇക്കോടൂറിസം സഞ്ചാരികളെ ആകർഷിക്കും.




## കൂടുതൽ വിവരങ്ങൾക്ക്

വൈൽഡ്‌ലൈഫ് വാർഡൻ
മൂന്നാർ പി.ഒ. ഇടുക്കി ജില്ല-685612.
ഫോൺ : 04865-231587
E-mail- enpmunnar@gmail.com.

